ENTRI

1 Crore User Downloads

# CURRENT AFFAIRS 20 JULY 2025




### അന്താരാഷ്ട്ര ചെസ്സ് ദിനം


**ജൂലൈ 20**

- 1924ൽ ഇന്റർനാഷണൽ ചെസ്സ് ഫെഡറേഷൻ (FIDE) സ്ഥാപിതമായ ദിവസമായ ജൂലൈ 20നാണ് എല്ലാ വർഷവും അന്താരാഷ്ട്ര ചെസ്സ് ദിനം ആഘോഷിക്കുന്നത്.

---

### 2025 ജൂലൈയിൽ ഗോവയുടെ പുതിയ ഗവർണർ ആയി നിയമിതനായത്

**പുസപതി അശോക് ഗജപതി രാജു**



പുസപതി അശോക് ഗജപതി രാജു

---

### 2025 ജൂലൈയിൽ അന്തരിച്ച പ്രശസ്ത ദക്ഷിണേന്ത്യൻ നടി

**ബി. സരോജ ദേവി**

- മഹാകവി കാളിദാസ എന്ന ചിത്രമാണ് സരോജ ദേവി ആദ്യമായി അഭിനയിച്ച ചിത്രം.
- കന്നഡ, തമിഴ്, തെലുങ്ക്, ഹിന്ദി എന്നീ ഭാഷകളിൽ 200-ലധികം സിനിമകളിൽ അഭിനയിച്ചിട്ടുണ്ട്.
- കന്നഡയിൽ 'അഭിനയ സരസ്വതി'യെന്നും തമിഴിൽ 'കന്നഡത്തു പൈങ്കിളി' എന്നുമായിരുന്നു സരോജാ ദേവി അറിയപ്പെട്ടത്.
- തമിഴ്നാട് സർക്കാരിന്റെ ആജീവനാന്ത പുരസ്കാരമായ കലൈമാമണി 2010-ൽ ലഭിച്ചു.
- 1969-ൽ പത്മശ്രീയും, 1992-ൽ പത്മഭൂഷണും നൽകി രാജ്യം സരോജാ ദേവിയെ ആദരിച്ചു.



ബി. സരോജ ദേവി

---

### കൃത്രിമബുദ്ധിയുടെ (എഐ) സഹായത്തോടെ കൊതുകു ശല്യം നിയന്ത്രിക്കാൻ 'സ്മാർട്ട് മൊസ്ക്വിറ്റോ സർവൈലൻസ് സിസ്റ്റം (SMoSS)' എന്ന നൂതന സംവിധാനം ആരംഭിച്ച സംസ്ഥാനം

**ആന്ധ്രപ്രദേശ്**

- ഡെങ്കി, മലേറിയ തുടങ്ങിയ കൊതുകുജന്യ രോഗങ്ങളുടെ വ്യാപനം തടയാനാണ് സർക്കാർ ഈ പദ്ധതി ആരംഭിച്ചത്.
- കൊതുകുകളെ നിരീക്ഷിക്കാനും, രോഗബാധിത പ്രദേശങ്ങളിൽ പെട്ടെന്ന് നടപടിയെടുക്കാൻ സംസ്ഥാനത്തെ സഹായിക്കാനും ഈ സ്മാർട്ട് സിസ്റ്റം എഐ ഡ്രോണുകളും സെൻസറുകളും ഉപയോഗിക്കുന്നു.



---

### 4 ട്രില്യൺ ഡോളർ വിപണി മൂല്യം കൈവരിക്കുന്ന ലോകത്തിലെ ആദ്യത്തെ ലിസ്റ്റ് ചെയ്ത കമ്പനി

**എൻവിഡിയ (Nvidia)**

NVIDIA